പതിനാലാം കേരളനിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1284

06/02/2020 മറുപടിയ്ക്ക്

## വിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമനത്തിനായുള്ള അപേക്ഷകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. ദാസൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമനം നൽകാനായി എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ആശ്രിത നിയമനത്തിനായി സർക്കാരിൽ ലഭിച്ചിട്ടുള്ള 193 അപേക്ഷകളിൽ നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) ആശ്രിത നിയമനത്തിനുള്ള അപേക്ഷകളിൽ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) ആശ്രിത നിയമനത്തിന് അപേക്ഷകൻ സമർപ്പിക്കുന്ന അപേക്ഷയിലെ തീയതി യാണ് മാനദണ്ഡമായി കണക്കാക്കുന്നത്. |
| (സി) ആശ്രിത നിയമനത്തിനായി ജില്ലാ അടിസ്ഥാനത്തിലാണോ അപേക്ഷകരെ പരിഗണിക്കുന്നത്; വിശദമാക്കാമോ; | (സി) അപേക്ഷകനാണ് ഏത് ജില്ലയിൽ നിയമനം ലഭിക്കണമെന്ന് അപേക്ഷയിൽ സൂചിപ്പി ക്കുന്നത്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സർക്കാർ തീരുമാനം കൈക്കൊള്ളുന്നു. ഈ ഉത്തരവ് ലഭിക്കുമ്പോൾ നിയമന അധികാരി ഒഴിവുകൾ അടിസ്ഥാനമാക്കി നിയമനം നൽകി വരുന്നു. |
| (ഡി) ജില്ലാ അടിസ്ഥാനത്തിൽ ആണ് പരിഗണിക്കുന്നത് എങ്കിൽ വിദ്യാഭ്യാസ വകുപ്പിലേക്കായി കോഴിക്കോട് ജില്ലയിൽ എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ? | (ഡി) കോഴിക്കോട് ജില്ലയിൽ നിലവിൽ 18 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ